**ഭിന്നശേഷി വിദ്യാർത്ഥികളുടെ കായികാരോഗ്യം**

210(4220) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ കായികാരോഗ്യത്തിനുവേണ്ടി സ്കൂളുകളിൽ സ്പോർട്സ് ഗെയിംസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ;

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മാത്രമായി സ്പോർട്സ് ഗെയിംസ് നടത്തുന്നില്ല. എന്നാൽ നിലവിൽ നടത്തപ്പെടുന്ന സ്പോർട്സ് ഗെയിംസിൽ ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായവയിൽ പങ്കെടുക്കാവുന്നതാണ്.

(ബി) ഇല്ലായെങ്കിൽ അത്തരം സ്പോർട്സ് ഗെയിംസ് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന സ്പോർട്സ് ഗെയിംസിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ മാന്വൽ പരിഷ്കരിച്ച് ഭിന്നശേഷി കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേയ്ക്ക് മാറ്റേണ്ടതുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വിവിധ കാറ്റഗറികളിൽപ്പെടുന്ന ഭിന്നശേഷി കുട്ടികൾക്ക് പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്പോർട്സ് ഗെയിംസിൽ പുതിയ ഇനങ്ങൾ രൂപകല്പന ചെയ്യുകയും അവ നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ കായികാരോഗ്യത്തിനുവേണ്ടി നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

പൊതുവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട കായിക അദ്ധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നിവരുടെ പിന്തുണയോടെ സ്കൂൾതലത്തിലും ബി.ആർ.സി. തലത്തിലും ഭിന്നശേഷികുട്ടികൾക്കായി കായിക പരിശീലനം നടത്തിവരുന്നു.

**ഉപരിപഠനത്തിന് അർഹരായ കുട്ടികൾ**

211(4221) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ എത്ര കുട്ടികളുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

2021 മാർച്ചിലെ പ്ലസ് ടു പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യരായ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഉപരിപഠനത്തിന് അർഹരായവർ |
|---|---|
| തിരുവനന്തപുരം | 27579 |
| കൊല്ലം | 24583 |
| പത്തനം തിട്ട | 9778 |
| ആലപ്പുഴ | 19157 |
| കോട്ടയം | 18737 |
| ഇടുക്കി | 9340 |
| എറണാകുളം | 28980 |
| തൃശ്ശൂർ | 29970 |
| പാലക്കാട് | 26262 |
| കോഴിക്കോട് | 34464 |
| മലപ്പുറം | 51543 |
| വയനാട് | 7878 |
| കണ്ണൂർ | 27053 |
| കാസർഗോഡ് | 11665 |

**കോവിഡ് കാലത്തെ കെ-ടെറ്റ് പരീക്ഷ**

212(4222) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ കെ-ടെറ്റ് പരീക്ഷ എത്ര പ്രാവശ്യം നടന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലഘട്ടത്തിൽ 2020 ഡിസംബറിൽ നടത്താൻ നിശ്ചയിച്ചിരുന്ന കെ-ടെറ്റ് പരീക്ഷ 2021 ജനവരി 9- ന് കാറ്റഗറി (I, II), ജനവരി 17- ന് കാറ്റഗറി (III, IV) എന്നിവ നടക്കുകയും ആയതിന്റെ റിസൾട്ട് മാർച്ച് 17-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly